# മെത്രാപ്പോലീത്തായുടെ കത്ത്



**(ഡിസംബർ 2015)**

**കർത്താവിൽ പ്രിയരേ,**

നവഭാരതശിൽപിയും ഇന്ത്യയുടെ പ്രഥമപ്രധാനമന്ത്രിയുമായിരുന്ന പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിന്റെ ജന്മദിനം നവംബർ 14-ാം തീയതി നാം അനുസ്മരിച്ചു. 2014 നവംബർ 14-ാം തീയതി ആരംഭിച്ച 125-ാം ജന്മദിനാഘോഷങ്ങൾ രാജ്യത്തിന്റെ പല ഭാഗങ്ങളിലായി നടന്നു വരികയായിരുന്നു. ഇന്ത്യയുടെ രാഷ്ട്രപിതാവായ മഹാത്മാഗാന്ധി 'ഇന്ത്യയുടെ രത്നം' എന്നു വിശേഷിപ്പിച്ച ജവഹർലാൽ നെഹ്റു ഇന്ത്യയുടെ സ്വാതന്ത്ര്യസമരപോരാട്ടങ്ങൾക്കും അതിനു ശേഷം സ്വതന്ത്രഭാരതത്തിന്റെ പ്രഥമപ്രധാനമന്ത്രി എന്ന നിലയിലും നിർവഹിച്ചിട്ടുള്ള നിസ്തുല്യ സംഭാവനകളെ ഈ രാഷ്ട്രത്തിനു ഒരിക്കലും മറക്കുവാൻ കഴിയുകയില്ല. എന്നാൽ ഇന്ന് നെഹ്റുവിനെപ്പോലുള്ള രാഷ്ട്രനായകരെപ്പോലും അവഗണിച്ചും നിന്ദിച്ചും നെഹ്റു സ്മരണ പോലും വേരോടെ പിഴുതെറിയുവാനുള്ള ബോധപൂർവമായ ശ്രമങ്ങൾ ഇന്ത്യയുടെ പല ഭാഗങ്ങളിലും നടക്കുന്നുവെന്നത് വേദനാജനകമായ ഒരു വസ്തുതയാണ്. ഇന്ന് പല മഹദ് വ്യക്തികളുടെയും സ്മരണകളുടെ മേൽ ചെളി വാരിയെറിഞ്ഞും പലരുടെയും പ്രസ്താവനകൾ വളച്ചൊടിച്ച് സന്ദർഭത്തിൽ നിന്നും അടർത്തിമാറ്റി വ്യാഖ്യാനിച്ചും ചിലർ നടത്തുന്ന പ്രവർത്തനങ്ങൾ ആശങ്കാജനകമാണെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. മുളയിലെ നുള്ളിക്കളയേണ്ട ഇത്തരം പ്രവണതകൾ വളരാൻ അനുവദിച്ചാൽ രാഷ്ട്രത്തിൽ പടരുന്നത് കൊടിയ അരാജകത്വമായിരിക്കും എന്നു വ്യക്തമാക്കുവാൻ നാം ആഗ്രഹിക്കുന്നു.

കേരളത്തിലെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പ് സമാധാനപരമായി നടന്നതോർത്ത് ദൈവത്തെ സ്തുതിക്കുന്നു. വിവിധ പ്രകാരത്തിൽ നേതൃത്വം നൽകിയവരെയും സഹകരിച്ച പൊതുജനസമൂഹത്തെയും പ്രത്യേകം അഭിനന്ദിക്കുന്നു. ജനങ്ങളുടെ പ്രതീക്ഷയ്ക്കനുസരിച്ചുയർന്ന് രാഷ്ട്ര നന്മയെയും ജനക്ഷേമത്തെയും ലാക്കാക്കി പ്രവർത്തിക്കുവാൻ തെരഞ്ഞെടുക്കപ്പെട്ടവർക്കു കഴിയട്ടെ എന്നാശംസിക്കുന്നു.

ബീഹാർ നിയമസഭാ തെരഞ്ഞെടുപ്പ് അഖിലേന്ത്യാതലത്തിൽ ശ്രദ്ധ പിടിച്ചു പറ്റിയ ഒരു തെരഞ്ഞെടുപ്പായിരുന്നു. വർഗീയതയുടെ വിഷവിത്തുകൾ വിതച്ച് സ്വാർത്ഥമോഹങ്ങൾ കൊയ്യാമെന്ന കണക്കുകൂട്ടലുകളെയും അതിനു കൂട്ടുനിന്ന തെരഞ്ഞെടുപ്പു പ്രവചനങ്ങളെയും നിർവീര്യമാക്കിയ ജനവിധി എല്ലാവർക്കുമുള്ള ഒരു മുന്നറിയിപ്പും ഉറച്ച താക്കീതുമാണ്. ഈ ജനവിധിയിൽ നിന്നും പഠിക്കേണ്ട പാഠങ്ങൾ പഠിക്കുവാൻ ഇന്ത്യയുടെ രാഷ്ട്രീയ മനസ് ഉണരട്ടെ എന്നാഗ്രഹിക്കുന്നു.

മധ്യപ്രദേശ് ഗവർമെന്റിന്റെ സാംസ്കാരിക വകുപ്പും സാഞ്ചി യൂണിവേഴ്സിറ്റിയും സംയുക്തമായി ചേർന്ന് ഒക്ടോബർ 23,24,25 തീയതികളിൽ ഇൻഡോറിൽ നടത്തിയ Harmony of Religions towards the welfare of humankind എന്ന നാമധേയത്തിൽ നടന്ന സമ്മേളനത്തിൽ മധ്യപ്രദേശ് ഗവൺമെന്റിന്റെ പ്രത്യേക ക്ഷണ പ്രകാരം മധ്യപ്രദേശ് ഗവൺമെന്റിന്റെ അതിഥിയായി പോയി പങ്കെടുക്കുവാൻ സാധിച്ചത് അതീവഹൃദ്യമായ ഒരനുഭവമായിരുന്നു. ഇന്ത്യയിലെയും ഏഷ്യയിലെയും മതനേതാക്കളും അമേരിക്കയിലെയും ജർമ്മനിയിലെയും തത്വചിന്തകരും പങ്കെടുത്ത സമ്മേളനങ്ങളിൽ 28 പ്രഭാഷണങ്ങളാണ് നടന്നത്. അതിൽ ഒരു പ്രഭാഷണം നിർവഹിപ്പാൻ നമുക്കും അവസരം ലഭിച്ചു. വർഗീയമായ അസഹിഷ്ണുത നമ്മുടെ രാജ്യത്ത് പെരുകി വരുന്ന ഈ കാലഘട്ടത്തിൽ സർവമത സാഹോദര്യത്തിന്റെ പ്രസക്തി വെളിവാക്കുന്ന ഇപ്രകാരമൊരു സർവമതസംവാദ സമ്മേളനം നടന്നത് പ്രതീക്ഷാജനകമായതോർത്ത് ദൈവത്തെ സ്തുതിക്കുന്നു.

കഴിഞ്ഞ വർഷം ബദ്രിനാഥ് ക്ഷേത്രത്തിന്റെ സമീപത്തുണ്ടായ മേഘസ്ഫോടനത്തിൽ ഭവനരഹിതരായിതീർന്നവർക്ക്, ഗവൺമെന്റ് നിശ്ചയിച്ചു തന്ന സ്ഥലത്ത്, ഇരുപതു വീടുകൾ മാർത്തോമ്മാ സഭയായി നിർമ്മിച്ചതിന്റെ താക്കോൽദാനം നടത്തുവാൻ ഇടയായി എന്നതോർത്ത് ദൈവത്തെ സ്തുതിക്കുന്നു. ഹിമാലയത്തിനു സമീപമുള്ള ആ പ്രദേശത്ത് ഭവനരഹിതരായി കഴിഞ്ഞവർക്ക് ശീതകാലം ശക്തിപ്പെടുന്നതിനു മുമ്പുതന്നെ ഭവനങ്ങൾ നൽകാൻ കഴിഞ്ഞത് നിർമ്മാണപ്രവർത്തനങ്ങൾക്കു മേൽനോട്ടം വഹിച്ച CASA യുടെ പൂർണ്ണസഹകരണം ലഭിച്ചതുകൊണ്ടു കൂടിയാണെന്നത് നന്ദിയോടുകൂടി ഓർക്കുന്നു. ഏഴുലക്ഷം രൂപായോളം ഒരു ഭവനത്തിനു ചെലവായി. നിർമ്മാണപ്രവർത്തനങ്ങളിൽ വീടുകൾ നൽകുവാനായി തെരഞ്ഞെടുക്കപ്പെട്ടവരുടെ കുടുംബങ്ങളും പങ്കുചേർന്നു എന്നതും ശ്രദ്ധേയമായ കാര്യമാണ്. വീടു പണിയുമായി ബന്ധപ്പെട്ട തൊഴിലുകളിലുള്ള ഒരു പരിശീലനവും കൂടി നൽകിയാണ് തദ്ദേശവാസികളെ നിർമ്മാണപ്രവർത്തനങ്ങളിൽ പങ്കാളികളാക്കിയത്. തദ്ദേശിയർക്ക് ഈ മേഖലയിലെ തൊഴിൽസാധ്യതകളിലേക്ക് ഒരു പുതിയ വാതിൽ തുറക്കുന്ന അവസരം കൂടിയായി ഈ സംരംഭം മാറുകയായിരുന്നു. അവിടെയുള്ള ഗ്രാമവാസികളുടെ ഒരു പ്രധാന തൊഴിൽ ബദ്രിനാഥ് ക്ഷേത്രത്തിലേക്കു പോകുന്ന തീർത്ഥാടകർക്ക് സഹായികളായി ക്ഷേത്രത്തിലേക്കുള്ള യാത്രയിൽ വാഹനങ്ങൾ സഞ്ചരിക്കാത്ത അവസാനത്തെ 20 കി.മീ ദൂരം കോവർകഴുതകളെ ക്രമീകരിച്ച് തീർത്ഥാടകർക്കു യാത്രാസൗകര്യം ക്രമീകരിച്ചു നൽകുന്നതാണ്.

മധ്യപ്രദേശിലെ സത്നായിലുള്ള ക്രിസ്തുകുല ഹയർ സെക്കണ്ടറി സ്കൂളിന്റെ ജൂബിലിവർഷമാണിത്. ഒരു കോളേജ് ആരംഭിക്കുന്നതിനുള്ള അനുവാദം ലഭിച്ചിരിക്കുന്നു എന്നതും സന്തോഷകരമായ ഒരു വാർത്തയാണ്. ജൂബിലി ആഘോഷത്തിൽ പങ്കെടുക്കുന്നതിനും കെട്ടിടത്തിന്റെ കൂദാശയും പ്രവർത്തനോദ്ഘാടനവും നിർവഹിക്കുന്നതിനും സാധിച്ചു. ജൂബിലി ആഘോഷത്തോടനുബന്ധിച്ച് ആ സ്കൂളിൽ വെച്ചു നടന്ന ശാസ്ത്രമേള ശ്രദ്ധേയമായിരുന്നു. എൽ.പി., യു.പി. ഹൈസ്കൂൾ, ഹയർ സെക്കണ്ടറി എന്നീ വിഭാഗങ്ങളിലായി നടന്ന ശാസ്ത്രമേളയിൽ പങ്കെടുത്ത വിദ്യാർത്ഥികൾ അവരുടെ കണ്ടെത്തലുകളെക്കുറിച്ചും അവർ നിർമ്മിച്ച മോഡലുകളെക്കുറിച്ചും സന്ദർശകർക്കു പ്രാഗൽഭ്യത്തോടെ വിശദീകരിച്ചുകൊടുത്തത് അവിസ്മരണീയമായ ഒരനുഭവമായിരുന്നു. മൂന്നാം സ്റ്റാൻഡേർഡിൽ

പഠിക്കുന്ന ഒരു കുട്ടി ഓസോൺ പാളിയിലുണ്ടാകുന്ന വിള്ളലുകളെക്കുറിച്ച് ഒരു മോഡലിന്റെ സഹായത്തോടുകൂടി വിശദീകരിച്ചത് അത്ഭുതാദരവോടു കൂടിയാണ് നാം കേട്ടുനിന്നത്. റിമോട്ടുകൺട്രോൾ സംവിധാനത്തിലൂടെ വിമാനങ്ങൾ പറപ്പിക്കുന്നതും നിയന്ത്രിക്കുന്നതും Working model വിഭാഗത്തിൽ അവതരിപ്പിച്ച ഉയർന്ന ക്ലാസുകളിലെ കുട്ടികളുടെ ഭാവനാശേഷിയും പ്രതിഭയും അൽഭുതകരവും അഭിമാനകരവുമായിരുന്നു. ജൂബിലിയാഘോഷത്തോടനുബന്ധിച്ച് ഒരു സന്ധ്യയിൽ പൂർവ വിദ്യാർത്ഥികൾ നടത്തിയ സംഗീതസായാഹ്നം ഹൃദ്യമായിരുന്നു. മറ്റൊരു ദിവസം 600 ൽ പരം കുട്ടികളെ പങ്കെടുപ്പിച്ചുകൊണ്ടു നടത്തിയ കലാമേള കുട്ടികളുടെ കലാനൈപുണിയുടെ ഉദാത്ത പ്രകാശനമായിരുന്നു. ജൂബിലി ആഘോഷപരിപാടികളിൽ ഭദ്രാസനാദ്ധ്യക്ഷൻ അഭിവന്ദ്യ ഡോ. ഏബ്രഹാം മാർ പൗലോസ് എപ്പിസ്കോപ്പാ തിരുമേനിയോടൊപ്പം പങ്കെടുക്കുന്നതിനും ആസ്വദിക്കുന്നതിനും ലഭിച്ച അവസരം ഹൃദ്യവും രമ്യവും ആയിരുന്നു. സ്കൂളിന്റെ മാനേജരും പ്രിൻസിപ്പലുമായി നേതൃത്വം നൽകുന്ന വികാരി ജനറാൾ വെരി റവ. സി.എ. വർഗീസ് അച്ചന്റെയും ബസ്ക്യാമ്മയുടെയും അനുഗൃഹീതമായ ശുശ്രൂഷകൾ അഭിനന്ദനാർഹമാണ്. 3000 ൽ പരം കുട്ടികൾ പഠിക്കുന്ന ആ സ്കൂളിൽ 140 ൽ പരം അദ്ധ്യാപകർ ശ്രേഷ്ഠമായ രീതിയിൽ അവരുടെ ശുശ്രൂഷകൾ നിർവഹിക്കുന്നു. അദ്ധ്യാപകരിൽ ഭൂരിഭാഗവും തദ്ദേശീയരാണ്. ആ സ്കൂളിന്റെ ഉയർച്ചയ്ക്കുവേണ്ടി പ്രവർത്തിക്കുവാൻ സ്കൂളിന്റെ ആദ്യ കാലങ്ങളിൽ നമുക്കു ലഭിച്ച അവസരങ്ങൾ ഓർമ്മയിൽ ഇന്നും മായാതെ നിൽക്കുന്നു. ഇന്ന് സ്കൂളിന്റെ പുരോഗതിയ്ക്കായി അക്ഷീണം യത്നിക്കുന്ന എല്ലാവരേയും പ്രത്യേകം അഭിനന്ദിക്കുന്നു.

നമ്മുടെ സഭയുടെ കോളേജുകൾ അക്കാദമികമായി ഉന്നതനിലവാരം പുലർത്തുന്നു എന്നു കോളേജുകൾക്ക് ലഭിച്ച NAAC Accreditation grade കൾ വ്യക്തമാക്കുന്നു എന്നതിൽ വളരെയധികം സന്തോഷവും അഭിമാനവുമുണ്ട്. ഉന്നതാധികാരസമിതിയുടെ സന്ദർശനത്തിനും നിരീക്ഷണത്തിനും വിലയിരുത്തലിനും ശേഷം ആ സമിതികൾ കോളേജുകൾക്കു നൽകിയ ഗ്രേഡുകൾ താഴെപ്പറയും പ്രകാരമാണ്.

Arts and Science College വിഭാഗത്തിൽ

1) St. Thomas College Kozhechery 3rd Cycle.. A grade. Points 3.21. 2) Mar Thoma College Thiruvalla 3rd Cycle A grade Points 3.11. 3) Christian College Chengannoor 2nd Cycle A Grade..Points 3.09. 4) Mar Thoma College Chungathara 2nd Cycle A Grade Points 3.15. 5) Mar Thoma Womens College Perumbavoor 2nd Cycle B Grade 2.58

BEd College വിഭാഗത്തിൽ

1. Thiruvalla Titus II Teachers College 2nd Cycle A grade Points 3.29.

എല്ലാ കോളേജുകളെയും പ്രത്യേകം അഭിനന്ദിക്കുന്നു. നമ്മുടെ CBSE, ICSE സ്കൂളുകളുടെ ഉന്നതനിലവാരം ബന്ധപ്പെട്ട അസസ്മെന്റ് കമ്മറ്റി അംഗീകരിച്ചതിലും നമുക്കു അഭിമാനിക്കാം. അസസ്മെന്റിൽ തിരുവനന്തപുരം സെന്റ് തോമസ് സ്കൂളിന് ഒന്നാം റാങ്കും തിരുവല്ല മാർത്തോമ്മാ റസിഡൻഷ്യൽ സ്കൂളിന് മൂന്നാം റാങ്കും ലഭിച്ചതിൽ സ്കൂളുകളെ പ്രത്യേകം അഭിനന്ദിക്കുന്നു. നമ്മുടെ മാർത്തോമ്മാ കോർപറേറ്റ് മാനേജ്മെന്റിലെ സ്കൂളുകളിൽ 13 സ്കൂളുകൾക്ക് ഇക്കഴിഞ്ഞ എസ്.എസ്.എൽ.സി പരീക്ഷയിൽ നൂറു ശതമാനം വിജയം കരസ്ഥമാക്കുകയുണ്ടായി. 200 ൽ പരം വിദ്യാർത്ഥികൾ പരീക്ഷയെഴുതിയ രണ്ടു വിദ്യാലയങ്ങളിൽ ഓരോ കുട്ടി വീതം പരാജയപ്പെട്ടെങ്കിലും ആ വിദ്യാർത്ഥികളും Say പരീക്ഷ എഴുതി പാസ്സായതിനാൽ ആ സ്കൂളുകളും ഇപ്പോൾ നൂറുശതമാനം വിജയത്തിലെത്തിയിരിക്കുകയാണ്. TTC യ്ക്കു പകരമായി വന്ന Diploma in Education Course (D.Ed) ൽ ഇക്കഴിഞ്ഞ വർഷം പത്തനംതിട്ട ജില്ലയിൽ നൂറു ശതമാനം വിജയം കരസ്ഥമാക്കിയ ഏക ഡി.എഡ്. അദ്ധ്യാപകപരിശീലന കേന്ദ്രം നമ്മുടെ തിരുവല്ല സെന്റ് തോമസ് റ്റി.റ്റി.ഐ യാണെന്നത് പ്രത്യേകം പ്രസ്ത്യാവ്യമാണ്. അഭിമാനകരമായ വിജയം കരസ്ഥമാക്കിയ സ്ഥാപനങ്ങളെയും നമ്മുടെ മാനേജ്മെന്റിലെ വിദ്യാലയങ്ങളെ മെച്ചപ്പെട്ട നിലവാരത്തിലേക്ക് ഉയർത്തുന്നതിൽ ഉചിതമായ മാർഗനിർദ്ദേശങ്ങൾ നിൽകി പ്രോൽസാഹിപ്പിക്കുന്ന മാനേജർ ഡോ. സൂസമ്മ മാത്യുവിനെയും പ്രത്യേകം അഭിനന്ദിക്കുന്നു. കേരളത്തിനു വെളിയിലുള്ള നമ്മുടെ CBSE, ICSE സ്കൂളുകളും ഉന്നതമായ നിലവാരത്തിലാണ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത് എന്നത് അഭിമാനകരമായ വസ്തുതയാണ്. നമ്മുടെ സത്ന ക്രിസ്തുകുലമിഷൻ ഹയർ സെക്കണ്ടറി സ്കൂൾ നൂറു ശതമാനം വിജയം മാത്രമല്ല ഭൂരിപക്ഷം കുട്ടികളും ഡിസ്റ്റിംഗ്ഷൻ കരസ്ഥമാക്കുകയും ചെയ്തു എന്നതിൽ പ്രത്യേകം അനുമോദനങ്ങൾ അറിയിക്കുന്നു. ഉന്നത നിലവാരം പുലർത്തുന്നതിലൂടെ നമ്മുടെ വിദ്യാഭ്യാസ സ്ഥാപനങ്ങളിലൂടെ ശക്തമായ ഒരു ക്രിസ്തീയ സാക്ഷ്യമാണ് നാം പൊതുസമൂഹത്തിനു നൽകുന്നത് എന്ന വസ്തുത പ്രത്യേകം പ്രസ്ത്യാവ്യമാണ്. ഉദാത്തമായ ക്രിസ്തീയ മൂല്യങ്ങൾ പൊതുസമൂഹത്തിലേക്ക് സംവേദനം ചെയ്യുവാനുള്ള ശ്രേഷ്ഠ മുഖാന്തരങ്ങളായി നമ്മുടെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ തീരട്ടെ എന്നു ആശംസിക്കുന്നു.

കോഴഞ്ചേരി സെന്റ് തോമസ് കോളേജിൽ ഒരു പാർലമെന്ററി പഠനകേന്ദ്രം ആരംഭിക്കുന്നതിനുള്ള പ്രാഥമികമായ അംഗീകാരം ലഭിക്കുകയുണ്ടായി. പഠനകേന്ദ്രത്തിന്റെ ഉദ്ഘാടനം ആദരണീയനായ രാജ്യസഭാ ഉപാദ്ധ്യക്ഷൻ പ്രൊഫ. പി.ജെ. കുര്യൻ നിർവ്വഹിച്ചു. മൂല്യാധിഷ്ഠിത ജനാധിപത്യത്തിൽ അധിഷ്ഠിതമായ പാർലമെന്ററി ജനാധിപത്യത്തെക്കുറിച്ച് ദിശാബോധം നൽകുന്ന ഈ കേന്ദ്രം സംസ്ഥാനത്തെ ആദ്യത്തെ പാർലമെന്ററി പഠനകേന്ദ്രമാണ് എന്നതിൽ നമുക്കു അഭിമാനിക്കാം.

കുമ്പനാട് മിഷൻ ആശുപത്രിയിൽ 6 ഡയാലിസിസ് യൂണിറ്റുകളും കറ്റാനത്ത് 9 ഡയാലിസിസ് യൂണിറ്റുകളും ആരംഭിക്കുവാൻ ഇതിനോടകം കഴിഞ്ഞിട്ടുണ്ട്. പലരുടെയും നിർലോഭമായ സംഭാവനകൾ ലഭിക്കുന്നതുകൊണ്ടാണ് ഒരു ഡയാലിസിസിന് 650/- രൂപ എന്നു ക്ലിപ്തപ്പെടുത്തുവാൻ സാധിക്കുന്നത്. ഒരു ഡയാലിസിസിനുള്ള 650/- രൂപാ എന്ന തോതിൽ സ്പോൺസർ ചെയ്തു സഹായിച്ചാൽ സാമ്പത്തികമായി പ്രയാസപ്പെടുന്ന അനേകം രോഗികൾക്ക് അതൊരു വലിയ സഹായമായിരിക്കും. സുമനസുകളുടെ ആത്മാർത്ഥമായ സഹകരണം പ്രതീക്ഷിക്കുന്നു. സ്പോൺസർ ചെയ്തു സഹകരിക്കുന്നവരെ അവരുടെ സഹായം ആർക്കാണു ലഭിച്ചത് എന്ന വിവരം ആശുപത്രിയിൽ നിന്നു അറിയിക്കുന്നതുമാണ്. ഈ വർഷം കുമ്പനാട് ആകെ 1309 ഡയാലിസിസ് നടന്നതിൽ 1106 ഉം സൗജന്യമായിട്ടാണ് നടന്നത്. കറ്റാനത്ത് 1545 ഡയാലിസിസ് നടന്നതിൽ ഗവൺമെന്റിന്റെ സഹായത്തോടുകൂടി 450 ഉം അതു കൂടാതെ 300 ഉം സൗജന്യ ഡയാലിസിസുകൾ നടന്നു. കറ്റാനത്തു പുതിയ കോളേജു കൂടി വന്നപ്പോൾ വിദ്യാർത്ഥികൾക്ക് ആവശ്യമായ പാർപ്പിട സൗകര്യത്തിനു കുറവുവന്ന സാഹചര്യത്തിൽ 3 നിലയിലുള്ള ഒരു കെട്ടിടം കൂടി ഈ ആവശ്യത്തിലേക്കായി പണി കഴിപ്പിക്കുവാൻ ആഗ്രഹിച്ച് നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിച്ചിരിക്കുകയാണ്. പുതിയ കെട്ടിടത്തിന്റെ ശിലാസ്ഥാപനം നിർവ്വഹിച്ചു. പുതിയ ഹോസ്റ്റലിൽ റൂം സ്പോൺസർ ചെയ്യുവാൻ താല്പര്യപ്പെടുന്നവർക്ക് അതിനുള്ള അവസരമുണ്ട്. ഇപ്രകാരം സ്പോൺസർ ചെയ്തും മറ്റു സംഭാവനകൾ നൽകിയും ഈ ഉദ്യമം വിജയിപ്പിക്കണം എന്ന് അറിയിക്കുന്നു.

നമ്മുടെ വാർഷിക ക്ലെർജി കോൺഫ്രൻസ് നവംബർ 24, 25, 26 തീയതികളിലായി ചരൽക്കുന്നിൽ നടക്കുകയാണ്. "Priesthood-A Process of becoming an image of Christ"

എന്നതാണ് ഇപ്രാവശ്യത്തെ ചിന്താവിഷയം. സഭയിലെ ശുശ്രൂഷകൾക്ക് കൂടുതൽ ദിശാബോധം ലഭിക്കുവാൻ ഈ വർഷത്തെ കോൺഫ്രൻസ് മുഖാന്തരമായിത്തീരട്ടെ എന്ന് ആശംസിക്കുന്നു.

കൺവൻഷനുകളുടെ ഒരു കാലഘട്ടത്തിലേക്കാണ് നാം പ്രവേശിക്കുന്നത്. ഡിസംബർ, ജനുവരി, ഫെബ്രുവരി മാസങ്ങളിൽ നടക്കുന്ന കൺവൻഷനുകളിലൂടെ വചനാധിഷ്ഠിതമായ ഉണർവിന്റെയും ജീവിത രൂപാന്തരത്തിന്റെയും നവീകരണാനുഭവങ്ങൾ വ്യക്തികളിലും കുടുംബങ്ങളിലും സഭയിലും സമൂഹത്തിലും ഉണ്ടാകേണ്ടതിനായി നാം എല്ലാവരും പ്രത്യേകം പ്രാർത്ഥിക്കണം. സഭയോടു പ്രതിബദ്ധതയില്ലാതെയും ദൈവവചനത്തിന്റെ അടിസ്ഥാന സത്യങ്ങളെക്കുറിച്ച് ധാരണയില്ലാതെയും ദൈവവചനത്തെ സ്വാർത്ഥപൂരണത്തിനായി വളച്ചൊടിച്ച് വ്യാഖ്യാനിക്കുന്ന പ്രസംഗകരെ കൺവൻഷൻ പ്രസംഗകരായി അവതരിപ്പിക്കുന്നത് അഭിലഷണീയമല്ല എന്ന കാര്യം കൺവൻഷൻ നടത്തിപ്പുകാർ പ്രത്യേകം ഓർക്കേണ്ടതാണ്.

സിഹോറാ ആശ്രമത്തിൽ ദീർഘകാലം അനുഗൃഹീതമായ ശുശ്രൂഷകൾ നിർവ്വഹിച്ച റവ. പി.എം. മാത്യു (84) അന്തരിച്ചു. 1956-ൽ ക്രിസ്തുപന്ഥി ആശ്രമത്തിൽ ചേർന്ന അച്ചനിൽ നിന്നു ആശ്രമത്തിനും സഭയ്ക്കും സമൂഹത്തിനും ലഭിച്ച സേവനങ്ങളെയോർത്ത് ദൈവത്തെ സ്തുതിക്കുന്നു. സിഹോറായിൽ 1955-ൽ ശുശ്രൂഷയിൽ പ്രവേശിച്ച ഇലന്തൂർ പാറയ്ക്കാമണ്ണിൽ സിസ്റ്റർ അന്നമ്മ ഏബ്രഹാം (പെണ്ണമ്മ-84) നിര്യാതയായി. സിസ്റ്ററുടെ ശുശ്രൂഷകളെ സഭ നന്ദിപൂർവ്വം ഓർക്കുന്നു. ദീർഘകാലം സേവികാസംഘത്തിനും ശാലേമിനും ശ്രേഷ്ഠമായ നേതൃത്വം നൽകിയ കുന്നപ്പുഴ ശ്രീമതി ഏലിയാമ്മ ജേക്കബ് (ഏലിക്കുട്ടി കൊച്ചമ്മ -94) നിര്യാതയായി. സേവനങ്ങളെ നന്ദിപൂർവ്വം സ്മരിക്കുന്നു. സ്വാതന്ത്ര്യസമര സേനാനിയായിരുന്ന എറികാട് കല്ലറയ്ക്കൽ തോപ്പിൽ പ്രൊഫ. റ്റി.ജെ. മാത്യു (102) നിര്യാതനായി. ഈ പ്രിയപ്പെട്ടവരുടെ വേർപാടിൽ സഭയ്ക്കുള്ള ദുഃഖം രേഖപ്പെടുത്തുന്നു.

21-ാം നൂറ്റാണ്ടിന്റെ രണ്ടാം ദശകത്തിന്റെ പൂർവ്വാർദ്ധത്തോടു വിടപറഞ്ഞ് ഉത്തരാർദ്ധത്തിലേക്കു നാം പ്രവേശിക്കുവാൻ ഒരുങ്ങുകയാണ്. ഇന്നയോളം നമ്മെ നടത്തിയവനെ നന്ദിപൂർവ്വം സ്മരിക്കാം. ഡിസംബർ 6-ാം തീയതി ഞായറാഴ്ച യോഹന്നാൻ സ്നാപകന്റെ ജനനത്തെക്കുറിച്ചാണ് നാം ധ്യാനിക്കുന്നത്. വേദപുസ്തക ദിനമായി 'ദൈവവചനം-പ്രചോദനത്തിനായുള്ള പ്രചോദനം' എന്ന വിഷയവും അന്നേദിവസം നാം ചിന്തിക്കുന്നു. യോഹന്നാൻ സ്നാപകന്റെ ജനനം ലോകരക്ഷകനായ ക്രിസ്തുവിനായുള്ള പാതയൊരുക്കലായിരുന്നു. ദൈവവചന ധ്യാനത്തിലൂടെയും സംഭവിക്കുന്നതു ഒരു പാതയൊരുക്കലാണ്. വചനത്താൽ ഹൃദയത്തെ ഒരുക്കി, നമുക്കായി ജഡം ധരിച്ച വചനമായ ക്രിസ്തുവിനെ നാം ഹൃദയത്തിലേക്കു വരവേൽക്കുകയാണു ചെയ്യുന്നത്. നാൽപതു ദിവസത്തെ ഉപവാസത്തിനുശേഷം കർത്താവ് പരീക്ഷകളെ അഭിമുഖീകരിച്ചപ്പോൾ കർത്താവു സാത്താനെ നേരിട്ടത് വചനമെന്ന വാൾ കൊണ്ടാണ്. 'കല്ല് അപ്പമായി തീരുവാൻ കൽപിക്ക്' എന്നു പറഞ്ഞ് രംഗത്തുവന്ന സാത്താന് "മനുഷ്യൻ അപ്പം കൊണ്ടു മാത്രമല്ല, ദൈവത്തിന്റെ വായിൽക്കൂടി വരുന്ന സകല വചനം കൊണ്ടും ജീവിക്കുന്നു" എന്ന ദൈവവചനം ഉദ്ധരിച്ചുകൊണ്ട് യേശു മറുപടി പറയുമ്പോൾ സാത്താൻ അടുത്ത പരീക്ഷ കൊണ്ടുവന്നത് വചനം ഉദ്ധരിച്ചുകൊണ്ടുതന്നെയാണ് എന്നത് നമുക്കുള്ള ഒരു മുന്നറിയിപ്പു കൂടിയാണ്. 'ചെകുത്താനും വേദം ഓതുന്നു' എന്ന ചൊല്ലിന്റെ അർത്ഥമിതാണ്. ദൈവവചനത്തെ യഥാർത്ഥ സത്യത്തിൽ നിന്നും അടർത്തിമാറ്റി സന്ദർഭംപോലെ ഉപയോഗിക്കുന്ന ഈ പ്രവണത വർദ്ധിച്ചുകൊണ്ടിരിക്കുന്ന ഒരു കാലഘട്ടമാണിത്. 'സാത്താനെ വണങ്ങി കുരിശിന്റെ മാർഗ്ഗത്തിൽ നിന്ന് വ്യതിചലിച്ച് ലോകമോഹങ്ങളുടെ വഴി തെരഞ്ഞെടുക്കാനുള്ള പരീക്ഷകന്റെ ആഹ്വാനത്തെയും വചനാധിഷ്ഠിതമായിത്തന്നെയാണ് യേശു തള്ളിക്കളഞ്ഞത് എന്ന വസ്തുത നാം മറന്നുകളയരുത്. ഡിസംബർ 13-ാം തീയതി ഞായറാഴ്ച 'യോസേഫിനോടുള്ള അറിയിപ്പ്' നാം ധ്യാനിക്കുന്നു. യോസേഫ് നീതിമാനായിരുന്നു എന്നു സുവിശേഷം രേഖപ്പെടുത്തുമ്പോൾ ദൈവത്തിന്റെ കൽപന അനുസരിച്ചുകൊണ്ടാണ് നീതി പ്രായോഗികമാക്കിയത് എന്നത് ഒരു മാതൃകാ പാഠമാണ്. ഡിസംബർ 20-ാം തീയതി ഞായറാഴ്ച 'നമ്മുടെ കർത്താവ് വരുന്നു' എന്ന വിഷയമാണ് ധ്യാനിക്കുന്നത്. യേശുവിന്റെ തിരുജനനം ലോകം കാണാനുള്ള ദൈവത്തിന്റെ പുറപ്പാടായിരുന്നില്ല, ലോകത്തെ രക്ഷിപ്പാനുള്ള ദൈവത്തിന്റെ പുറപ്പാടായിരുന്നു. ഇന്നും നമ്മുടെ ഹൃദയങ്ങളിൽ ഇടംതേടുവാൻ ആഗ്രഹിക്കുന്ന കർത്താവിന് ആദരപൂർവ്വം ഇടംകൊടുത്ത് ആ ക്രിസ്തുവിനെ 'എന്റെ കർത്താവും എന്റെ ദൈവവുമേ' എന്ന തിരിച്ചറിവോടെ ആരാധിക്കുമ്പോഴാണ് നാം കർത്താവിന്റെ യഥാർത്ഥ ശിഷ്യത്വത്തിലേക്കു പ്രവേശിക്കുന്നത്. ഭാരതത്തിലേക്ക് സുവിശേഷവുമായി കടന്നുവന്ന വിശുദ്ധ തോമാശ്ലീഹായുടെ "എന്റെ കർത്താവും എന്റെ ദൈവവുമേ" എന്ന വിശ്വാസപ്രഖ്യാപനം മാർത്തോമ്മാ സഭാദിനമായ ഡിസംബർ 21-ാം തീയതി തിങ്കളാഴ്ച സഭയായി ചിന്തിക്കുന്നു. ഡിസംബർ 25 ലോകമെങ്ങും ക്രിസ്മസ് ആഘോഷിക്കുകയാണ്. നീതിയിൻ സൂര്യന്റെ ഉദയമാണ് ക്രിസ്മസ്. പ്രഭാതത്തിൽ സൂര്യൻ കിഴക്കുദിക്കുമ്പോൾ പ്രകാശപൂരിതവും വർണ്ണാഭവുമായ ആകാശം ഭൂമിക്കു മുകളിൽ ഒരുങ്ങുകയാണ്. അതോടൊപ്പം ഭൂമിയിലെ സമസ്ത ജീവജാലങ്ങളും പുതിയ ചൈതന്യവുമായി ഉണർന്ന് കർമ്മോത്സുകരാവുകയാണ്. ക്രിസ്മസ് നമ്മളിൽ സൃഷ്ടിക്കേണ്ടതും ഇതുപോലുള്ള ഉണർവ്വും ഉന്മേഷവും ഊർജ്ജസ്വലതയുമാണ്.

'ഉദയഗിരി ചുവന്നു
ഭാനുബിംബം വിളങ്ങി
നളിനമുകുളജാലേ

മന്ദഹാസം വിടർന്നു" എന്ന് ശ്ലോകത്തിൽ വർണ്ണിക്കുന്ന അനുഭവത്തിന്റെ ആത്മസാക്ഷാത്കാരവും സാമൂഹ്യാവിഷ്കാരമാണ് ശരിയായ ക്രിസ്മസ്. ഇത് ഏവർക്കും അനുഭവമായിത്തീരട്ടെ. ഡിസംബർ 27-ാം തീയതി ഞായറാഴ്ച "ഞാൻ പോയി നിങ്ങൾക്കു സ്ഥലം ഒരുക്കിയാൽ, ഞാൻ ഇരിക്കുന്ന ഇടത്തു നിങ്ങളും ഇരിക്കേണ്ടതിനു പിന്നെയും വന്നു നിങ്ങളെ എന്റെ അടുക്കൽ ചേർത്തുകൊള്ളും" (യോഹ. 14:3) എന്ന വീണ്ടും വരുവാനുള്ള കർത്താവിന്റെ മഹത്തായ വാഗ്ദാനത്തെക്കുറിച്ചാണ് നാം ജാഗരിക്കുന്നത്. നാം ഒരു സംവത്സരത്തിന്റെ അവസാനത്തിലേക്ക് പ്രവേശിക്കുകയാണ്. സകല സൃഷ്ടികളുടെയും ഉടയവനും സകലദാനങ്ങളുടെയും ദാതാവുമായ കർത്താവിനോടു ചേർന്ന് ദൈവം നൽകുന്ന പുതിയ വാഗ്ദാനങ്ങളിലേക്കും സാധ്യതകളിലേക്കും നാം പ്രവേശിക്കുകയാണ്. അപ്പൊസ്തലനായ വിശുദ്ധ പൗലോസിന്റെ "എന്നെ ശക്തനാക്കുന്നവൻ മുഖാന്തരം ഞാൻ സകലത്തിനും മതിയാകുന്നു" എന്ന സാക്ഷ്യത്തോടുകൂടി പുതിയ സംവത്സരത്തെ നമുക്കു വരവേൽക്കാം, ദൈവം ഒരുക്കുന്ന സാധ്യതകളെ ദൈവത്തോടു ചേർന്നു യാഥാർത്ഥ്യമാക്കാം.

കൃപ നിങ്ങളെല്ലാവരോടുംകൂടി ഇരിക്കുമാറാകട്ടെ.

പുലാത്തീൻ,
25-11-2015

ഡോ. ജോസഫ് മാർത്തോമ്മാ
മെത്രാപ്പോലീത്താ